ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഉണ്ട്.

(ബി) 1281.95 എം.എൽ.ഡി.

(സി) നഗരത്തിൽ ആവശ്യമായ അളവിൽ ശുദ്ധജലം വിതരണം നടത്താൻ സാധിച്ചിട്ടില്ല.

(ഡി) വിവിധ ഏജൻസികളുടെ ധനസഹായത്തോടെ നിലവിലുള്ള ജലവിതരണ പദ്ധതികൾ വിപുലീകരിച്ചും ആവശ്യമായ പുനരുദ്ധാരണ പ്രവർത്തികളും മെയിന്റനൻസ് ജോലികളും നടത്തിയും ഉറവിടസംരക്ഷണത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചും പുതിയ ജലവിതരണ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയും ധനലഭ്യതയ്ക്ക് വിധേയമായി ജലദൗർലഭ്യം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

മലബാർ മേഖലയിലെ ടൂറിസം പരിപോഷിപ്പിക്കുവാൻ നടപടി

5 (*672) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ മേഖലയിലെ ടൂറിസം സാദ്ധ്യതകൾ പരിപോഷിപ്പിക്കുവാനും ഉപയോഗപ്പെടുത്തുവാനും ഇതിനകം എന്തൊക്കെ പദ്ധതികളാണ് ഈ സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) മലബാർ മേഖലയിലെ ടൂറിസം സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുവാനും പരിപോഷിപ്പിക്കുവാനും മലബാർ ടൂറിസം വികസന കോർപ്പറേഷൻ രൂപീകരിക്കുവാൻ നടപടി കൈക്കൊള്ളുമോ ;

(സി) ടൂറിസം പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി മലബാറിലെ പിന്നോക്ക ജില്ലകളെ കേന്ദ്രീകരിച്ച് ടൂറിസം മേളയും സാംസ്ക്കാരിക പരിപാടികളും സംഘടിപ്പിക്കുവാൻ ഗവൺമെന്റിന് പദ്ധതിയുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :

(എ) കേരളത്തിലെ ഇതര മേഖലയ്ക്കെന്നപോലെ മലബാർ മേഖലയ്ക്കും അർഹമായ പ്രാധാന്യവും അംഗീകാരവും നേടിയെടുക്കുന്നതിനായി സർക്കാർ നിരവധി കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. മിസ്റ്റിക്സ് ഓഫ് മലബാർ എന്ന പേരിൽ 2003-ആഗസ്റ്റ് 14,15,16 തീയതികളിൽ കോഴിക്കോട് വച്ച് നടത്തുവാൻ പോകുന്ന ട്രാവൽ മാർട്ട് ഈ ലക്ഷ്യത്തിലേക്കുള്ള വലിയൊരു കാൽവെയ്പ്പാണ്. ഈ മേഖലയിൽ ഇതിനകം ആരംഭിച്ച പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കെ.ടി.ഡി.സി.-യുടെ പ്രവർത്തനമേഖലയിൽ മലബാർ മേഖല ഉൾപ്പെടുന്നതുകൊണ്ട് പ്രത്യേകം ഒരു വികസന കോർപ്പറേഷൻ രൂപീകരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല.

(സി&ഡി) ഉണ്ട്. മിസ്റ്റിക്സ് ഓഫ് മലബാർ 2003 എന്ന പരിപാടി പ്രധാനമായും ഈ ലക്ഷ്യം മുൻനിർത്തിയാണ് സംഘടിപ്പിച്ചിരിക്കുന്നത്.

പേൾകൃഷി

6 (*673) ശ്രീ. കെ. ബാബു :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് പേൾകൃഷി നടക്കുന്നത് ;

(ബി) ഇത് വ്യാവസായികാടിസ്ഥാനത്തിൽ നടത്തുവാൻ എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ട് ;

(സി) മത്സ്യബന്ധനവകുപ്പ് വിഴിഞ്ഞത്ത് നടത്തിവന്നിരുന്ന പേൾകൃഷി നിർത്തിവച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തുകൊണ്ടെന്ന് പറയുമോ ;

(ഇ) സെൻട്രൽ മറൈൻ ഫിഷിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ച പേൾകൃഷിയിൽ വ്യാപകമായ തോതിൽ പരിശീലനം നൽകുവാൻ ഉദ്ദേശമുണ്ടോ ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :

(എ) ഫിഷറീസ് വകുപ്പ് ഇപ്പോൾ പേൾകൃഷി നടത്തുന്നില്ല.

(ബി) ബാധകമല്ല.

(സി) നിർത്തലാക്കിയിട്ടുണ്ട്.

(ഡി) ഫിഷറീസ് വകുപ്പ് വിഴിഞ്ഞത്ത് നടത്തിവന്നിരുന്ന പേൾകൾച്ചർ പ്രോജക്ട് ഒരു പൈലറ്റ് പ്രോജക്ട് മാത്രമായിരുന്നു. ഇത് 1984-ൽ താഴെ പറയുന്ന കാരണങ്ങളാൽ അവസാനിക്കുകയുണ്ടായി.

1. പദ്ധതി ആരംഭിച്ചിട്ട് / വർഷങ്ങൾക്കുശേഷവും നേട്ടങ്ങൾ ഒന്നുംതന്നെ ഉണ്ടായില്ല.
2. വിഴിഞ്ഞം ഹാർബർ പദ്ധതിക്ക് കേന്ദ്രഗവൺമെന്റിന്റെ അനുമതി ലഭിക്കുന്നതോടുകൂടി മുത്തുച്ചിപ്പികൃഷി വിഴിഞ്ഞം കടലിൽ തുടരുവാൻ കഴിയാതെ വരും.

LIBRARY ARCHIVES Kerala Legislative Assembly